പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2281

26.3.2013 ൽ
മറുപടിയ്ക്ക്

## ഐ.റ്റി. അടിസ്ഥാനമാക്കിയുള്ള ഏകീകൃത ടൗൺഷിപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം ;<br>ശ്രീ. പി.കെ. ഗുരുദാസൻ ;<br>ഡോ. കെ.ടി. ജലീൽ ;<br>ശ്രീ. റ്റി.വി. രാജേഷ് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) ഐ.റ്റി. അടിസ്ഥാനമാക്കിയുള്ള ഏകീകൃത ടൗൺഷിപ്പുകൾ സംസ്ഥാനത്താരംഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ; | എ) 2012 ലെ ഐ.ടി. നയം അനുസരിച്ച് സംസ്ഥാനത്ത് ഐ.ടി. അടിസ്ഥാനപ്പെടുത്തിയുള്ള ഏകീകൃത ടൗൺഷിപ്പുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; | ബി) ഐ.ടി. നയം അനുസരിച്ച് ഐ.ടി. പാർക്കിലെ ജീവനക്കാർക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഐ.ടി. പാർക്കിനുള്ളിൽ തന്നെ ഏർപ്പെടുത്തുക എന്ന ലക്ഷ്യമാണ് ഐ.ടി. ടൗൺഷിപ്പ് എന്ന പദ്ധതിക്കുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അപ്പക്സ് കമ്പനിയായി KSITIL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടുകൾക്ക് വേണ്ട ഭൂമി, അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലം, വൈദ്യുതി എന്നിവ ഏർപ്പെടുത്തുന്നത് KSITIL മുഖേനയാണ്. |
| സി) സംസ്ഥാനത്ത് ഇത്തരം ടൗൺഷിപ്പുകൾ എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ; | സി) ടെക്നോപാർക്കിന്റെ നാലാംഘട്ട വികസന പദ്ധതിയായി തിരുവനന്തപുരം ജില്ലയിൽ പള്ളിപ്പുറത്ത് ടെക്നോസിറ്റി എന്ന പേരിൽ ഒരു ഏകീകൃത ടൗൺഷിപ്പ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. |
| ഡി) ഐ.റ്റി. അടിസ്ഥാനമാക്കിയുള്ള ഏകീകൃത ടൗൺഷിപ്പുകൾക്ക് ഏകജാലക സംവിധാനത്തിലൂടെ അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ഡി) ഉണ്ട്. |

| | | | |
|---|---|---|---|
| ഇ) | എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ? | ഇ) | 2012 ലെ ഐ.ടി. നയം അനുസരിച്ച് പുതുതായി ഐ.ടി./ഐ.ടി. ഇതര വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടിയുള്ള Fire, Water, Pollution Control Board, Local Authorities തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമാകേണ്ട അനുമതി/അംഗീകാരങ്ങൾ ഒരു സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കുക എന്നതാണ് ഏകജാലക സംവിധാനത്തിന്റെ ലക്ഷ്യം. ഇതിനായി ഓരോ ഏകീകൃത ടൗൺഷിപ്പിനും ഓരോ Single Window Approval Board രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാന സർക്കാർ ഏകജാലക സംവിധാനം നടപ്പിലാക്കുന്നതിനായി അംഗീകരിച്ച സ്ഥാപനങ്ങളിൽ ടെക്നോപാർക്കും ഉൾപ്പെടുന്നു. ടെക്നോപാർക്കിന്റെ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികളിൽ ഈ സംവിധാനം പ്രയോജനപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ